## പതിമൂന്നാം കേരള നിയമസഭ
### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 163

18/03/2013 - ൽ മറുപടിക്ക്

## മത്സ്യതൊഴിലാളികൾക്ക് ഉപജീവന സഹായം ലഭ്യമാക്കുന്നതിന് ബജറ്റിൽ വകയിരുത്തിയ തുക

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. ശശി | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| എ) മത്സ്യബന്ധനം സാദ്ധ്യമല്ലാത്ത കാലയളവിൽ മത്സ്യതൊഴിലാളികൾക്ക് ഉപജീവനസഹായം ലഭ്യമാക്കുന്നതിന് 2012-13 ലെ ബജറ്റിൽ വകയിരുത്തുമെന്ന് പ്രഖ്യാപിച്ച 10 കോടി രൂപ വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതിൽ എത്ര തുക ചെലവഴിച്ചു; | എ) മത്സ്യബന്ധനം സാധ്യമല്ലാത്ത കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് ഉപജീവന സഹായം ലഭ്യമാക്കുന്നതിന് 2012-13 ലെ ബഡ്ജറ്റിൽ സമ്പാദ്യ സമാശ്വാസ പദ്ധതി നടത്തിപ്പിനായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഉപധനാഭ്യർത്ഥന വഴി 11.57 കോടി രൂപയും വകയിരുത്തിയിരുന്നു. ഇതിൽ 21.528926 കോടി രൂപ വിവിധ ജില്ലകളിലായി ചെലവഴിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത തുകയിൽ തിരുവനന്തപുരം ജില്ലയ്ക്കായി നീക്കി വച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ? | ബി) മേൽ പദ്ധതിയ്ക്കായി തിരുവനന്തപുരം ജില്ലയ്ക്ക് 3,45,71,700/- രൂപ അനുവദിച്ചു. ഇതിൽ 13/03/2013 വരെ 3,36,27,250/- രൂപ ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ.